# OASIS

Older Adults Sharing In Service

## NEWS BULLETIN

STATE BANK OF INDIA PENSIONER'S ASSOCIATION (KERALA)
KOTTAYAM DISTRICT CENTRE

**Vol. 2 Book 1 Regd. No. ER/450/2001 Date:31.01.2020**

# പുതുവത്സരം




ഒരു വർഷത്തിന്റെ അവസാനവും മറ്റൊരു വർഷത്തിന്റെ തുടക്കവുമായി വരുന്ന ദിവസങ്ങളിൽ ചില സംസ്കാരവുമായി ബന്ധപ്പെട്ടുകിടക്കുന്ന ആഘോഷമാണ് പുതുവത്സരം. പല രാജ്യങ്ങളിലുമായുള്ള വ്യത്യസ്ത കലണ്ടർ സമയങ്ങളിലാണ് പുതുവത്സരം ആഘോഷിക്കുന്നത്. ആധുനിക ഗ്രിഗോറിയൻ കലണ്ടറിലും ജൂലിയൻ കലണ്ടറിലും വർഷത്തിലെ ആദ്യ ദിവസമായ ജനുവരി 1 പുതുവത്സര ദിനം അല്ലെങ്കിൽ പുതുവർഷ ദിനം എന്ന് വിളിക്കപ്പെടുന്നു. എന്നാൽ വർഷാരംഭമായി കേരളത്തിൽ ആചരിക്കുന്നത് ഒരു പക്ഷേ കൊല്ലവർഷാരംഭത്തോടെ ആയിരിക്കണം. സഫലമീ യാത്രയിൽ കവി എൻ.എൻ.കക്കാട് എഴുതി;

‘‘കാലമിനിയുമുê ളും വിഷു വê ം
വർഷം വê ം തിê വോണം വê ം
പിന്നെയോരോ തളിരിë ം പൂവരും കായ് വരും
അപ്പോളെന്തെന്നും ആരെന്നും ആർക്കറിയാം?’’

ഇന്നും എന്നും പ്രസക്തമായ നിരീക്ഷണം! പ്രപഞ്ചം അതിന്റെ പ്രയാണം തുടങ്ങിയിട്ട് കാലമെത്രയായി? കാലചക്രമെത്ര തിരിഞ്ഞാലും ഈ പ്രയാണം അനവരതം തുടർന്നു കൊ  യിരിക്കും. ഓരോ നവവത്സരവും നമ്മെ അതോർമ്മിപ്പിക്കുന്നു. എത്രയോ ചെറുതും നിസ്സാരവുമീ ജന്മം! പരസ്പരം സ്നേഹിക്കുവാനും സഹജീവി സ്നേഹത്തിന് പരിഗണന കൊടുക്കവാനും നാം ജീവിക്കുന്ന ഈ നിമിഷങ്ങളിൽ സാധിക്കുന്നില്ലെങ്കിൽ പിന്നെ എന്ന്? കഴിഞ്ഞു പോയ ഇê പതു വർഷങ്ങളിൽ എന്തെന്ത് മാറ്റങ്ങളാണിവിടെ ഉ  ായത്! ആർട്ടിഫിഷ്യൽ ഇന്റെലിജൻസ് എന്ന പുതുമയുടെ പടി ചവുട്ടിയാണ് ലോകം ഈ നൂറ്റാ  ിലെ മൂന്നാം ദശകത്തിലേക്ക് കാലൂന്നുന്നത്. നമുക്ക് കാത്തിരിക്കാം, മാറ്റങ്ങളുടെ നാളെകളെ!!




## മാത്യു അടക്കമുണ്ടയ്ക്കൽ പുതുവത്സരത്തിന്റെ ആശംസകൾ നേരുന്നു.

2019 കടന്നു പോകുന്നത് ഒരുപാട് നല്ല ഓർമ്മകൾ സമ്മാനിച്ചുകൊണ്ടാണ്. നമ്മുടെ അസോസിയേഷനെ സംബന്ധിടത്തോളും സംഭവബഹുലമായ ഒരു വർഷം ആയിരുന്നു. അംഗങ്ങളുടെ എണ്ണം നേരെ ഇരട്ടിയായി. പ്രവർത്തകർക്ക് പ്രയോജനം ലഭിക്കുന്ന വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിച്ചു. ഏരിയ കമ്മറ്റികൾ വളരെ സജീവമായി, എല്ലാ പ്രവർത്തകരെയും ഒരു ചരടിൽ കോർത്തിണക്കികൊണ്ട് ഒരു കൂട്ടായ്മയായി. രോഗബാധിതരെയും. ശാരീരിക അവശത അനുഭവിക്കുന്നവരെയും സന്ദർശിച് അവരുമായി സമയം ചിലവഴിക്കുവാനും സമയം കണ്ടെത്തന്നു. ഏരിയ മീറ്റിംഗിൽ എല്ലാവരും ഒത്തുചേരുന്നു. പുതുവത്സര ആഘോഷം ഒരു വേറിട്ട അനുഭവം ആക്കി ഓണാഘോഷം ഗംഭീരം ആയി. ഓണത്തപ്പന്റെ വരവും ഓണപ്പാട്ടുകളും ആഘോഷ ങ്ങൾക്ക് കൊഴുപ്പേകി. Oasiz ഒന്നിനൊന്നു പുതിയ ഭാവവും പുതിയ സൃഷ്ടിയു മായി എല്ലാ മാസവും നമ്മുടെ മുൻപിൽ വാർത്തകളും ഫോട്ടോകളും അറിയുപ്പുമായി എത്തുന്നു. പ്രവർത്തകരെ സഹായിക്കുന്നതിന് നമ്മുടെ ഓഫീസ് ആഴ്ചയിൽ അഞ്ചു ദിവസം പ്രവർത്തിക്കുന്നു. ഏകദേശം 200 ൽ പരം പ്രവർത്തകർക്ക് പെൻഷനേഴ്സ് ഐഡി സ്മാർട്ട് കാർഡ് രൂപത്തിൽ തയ്യാറാക്കി കൊടുക്കുവാൻ സാധിച്ചു. AO യിലെ യും LHO യിലെയും ത്രൈമാസ ചർച്ചാ (structured) മീറ്റിംഗിലൂടെ അനവധി പ്രവർത്തകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചു.

SBI PENSIONERS ASSOCIATION KERALA
KOTTAYAM- DISTRICT CENTRE, MARIYA BHAVAN I FLOOR,KUMARANALLOOR .P.O. KOTTAYAM Pin-686 016
Tel: 0481 25 67 373, Mobile : 9446424407, 9446046899, 9446122245
email: sbipakktym@gmail.com

**അതുപോലെ നമ്മുടെ സംഘം തുടങ്ങിയിട്ട് രണ്ട് വർഷം കഴിഞ്ഞു, ഈ വർഷം ലാഭത്തിൽ എത്തിക്കാൻ സാധിച്ചു, 50000 രൂപ** വരെ ലളിതമായ വ്യവസ്ഥയിൽ കുറഞ്ഞ പലിശയ്ക്ക് വായ്പ കൊടുക്കുന്നു. ഇത്തരം വായ്പ്പകൾക്ക് കേരള സർക്കരിന്റെ റിസ്ക് ഫ ് പരിരക്ഷയും ഉ ്. ഗ്രുപ്പ് ഡെപ്പോസിറ്റ് ആൻഡ് ക്രെഡിറ്റ് സ്കീം 7 എണ്ണം നന്നായി നടന്ന് പോകുന്നു. 8-ാ മത്തെ . ഗ്രുപ്പ് ഡെപ്പോസിറ്റ് ആൻഡ് ക്രെഡിറ്റ് സ്കീം ഉടനെ തുടങ്ങും. കണക്കുകൾ കംപ്യൂട്ടറൈസ് ചെയ്തു വരുന്നു. ഇങ്ങനെ വിവരിക്കാൻ ഒരുപാട് കാര്യങ്ങൾ. ഇതൊക്കെ സാദ്ധ്യമാകുന്നത് നമ്മുടെ പ്രവർത്തകരുടെ നല്ല മനസും സഹകരണവും കൊണ്ടാണ്. ഓരോരുത്തർക്കും നന്ദി. അടുത്ത വർഷത്തിലും നമ്മുടെ സ്വപ്നങ്ങൾ പൂവണിയട്ടെ !! എല്ലാ പ്രവർത്തകർക്കും പുതുവത്സരത്തിന്റെ ആശംസകൾ!!

## മാറ്റങ്ങളുടെ ഇന്ത്യ

**ഇന്ത്യ ഒരു റിപ്പബ്ലിക് ആയിട്ട് ഏഴ് പതിറ്റാ ുകൾ പിന്നിടുകയാണ്. ഒരു രാഷ്ട്രത്തിന്റെ പരമാധികാരം ജനങ്ങളുടെ കരങ്ങളിലൂടെ പൂർത്തിയാകുന്നതാണ് റിപ്പബ്ലിക്ക്.**



1950ൽ ഒന്നാം റിപ്പബ്ലിക്ക് ദിനത്തിൽ പങ്കെടുക്കാൻ കുതിര വ ിയിൽ പുറപ്പെടുന്ന രാഷ്ട്രപതി രാജേന്ദ്രപ്രസാദ്

**സമസ്ത മേഖലകളിലും രാജ്യമിന്ന് കൈയ്യൊപ്പ് പതിപ്പിച്ചു കൊണ്ടിരിക്കുകയാണ്. മംഗൾ യാൻ യാത്രയടക്കം പല രംഗത്തും ഒരുപടി മുന്നിലുമാണ് ഇന്ന് നാം. ഈ 70 ആ ് കാലയളവിൽ നിരവധി മാറ്റങ്ങൾക്കാണ് നാം സാക്ഷ്യം വഹിച്ചത്. ലോകത്തെ തന്നെ ഏറ്റവും ശക്തവും വലുതുമായ ജനാധിപത്യ രാഷ്ട്രമായി അത് നമ്മെ മാറ്റിയെടുത്തു.**



രാഷ്ട്രപതി ഭവൻ ഉൾപ്പടെ റൈസിനാ ഹില്ലിലെ കെട്ടിട സമുച്ചയം റിപ്പബ്ലിക്ക് ദിന രാവിൽ ദീപ പ്രഭയിൽ

**ജനസംഖ്യാടിസ്ഥാനത്തിൽ ലോകത്തെ രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. സ്വാതന്ത്ര്യം നേടുമ്പോൾ ഏറ്റവും ദരിദ്ര രാഷ്ട്രങ്ങളുടെ പട്ടികയിലായിരുന്നു നാം. ജനസംഖ്യ വർദ്ധിച്ചു കൊ േ യിരിക്കുന്നെങ്കിലും നാമെങ്ങനെ ഭക്ഷ്യ സുരക്ഷ കൈവരിച്ചു എന്ന് ഉറ്റു നോക്കുകയാണിന്നു ലോകം.**



ത്രിവർണ്ണങ്ങൾ വിരിയിച്ച് "സൂര്യകിരൺ എയ്റോ ബാറ്റിക്സ്" റ്റീമിന്റെ അഭ്യാസ പ്രകടനം

**റിപ്പബ്ലിക്ക് ആകുന്ന കാലത്ത് ഗവർണർമാർ ഭരിക്കുന്ന 9 ''ഏ'' വിഭാഗം സംസ്ഥാനങ്ങളു ായിരുന്നു. ''ബി'' വിഭാഗത്തിൽ എട്ട് നാട്ടുരാജ്യങ്ങളു ായിരുന്നു. കേന്ദ്ര സർക്കാർ നേരിട്ട് ഭരിക്കുന്ന ''സി'' വിഭാഗത്തിൽപ്പെട്ട 10 സംസ്ഥാനങ്ങളുമു ായിരു ന്നു.**



2020 ജനുവരി 26-ാം തിയതിയിലെ റിപ്പബ്ലിക് ദിന പരേഡ് രക്തസാക്ഷികൾക്ക് ആദരം അർപ്പിക്കുവാനായി ദേശീയ യുദ്ധ സ്മാരകത്തിലേയ്ക്ക് (നാഷനൽ വാർ മെമ്മോറിയൽ)

**ഇന്ന് 28 സംസ്ഥാനങ്ങളും ഡെൽഹി ഉൾപ്പടെ എട്ട് കേന്ദ്ര ഭരണ പ്രദേശങ്ങളുമായി സുശക്തമായി നിലനില്ക്കുന്നു. രാജ്യം ജനുവരി 26ന് 70-ാം റിപ്പബ്ലിക്ക് ദിനമാഘോഷിക്കുന്ന വേളയിൽ ലോകത്തെ അത്ഭുതപ്പെടുത്തുന്ന പരമാധികാര, സോഷ്യലിസ്റ്റ്, മതേതര ജനാധിപത്യ രാഷ്ട്രമായി എന്നെന്നും നിലനില്ക്കട്ടെയെന്ന് നമുക്ക് ആശംസിക്കാം.**

## കോട്ടയത്ത് മെഡിക്കൽ ബെനിഫിറ്റ് സ്കീം വർക്ക് ഷോപ്പ്

**മെഡിക്കൽ ബെനിഫിറ്റ് സ്കീമിന്റെ ഭാഗമായി രണ്ട് പോളിസികൾ നിലവിൽ വന്നു. B.പൊളിസി യും A പോളിസി പരിഷ്ക്കരിച്ചു് SBI Health Asst എന്നും SBI Health Care**

എന്നപേരിലും. നമ്മുടെ ഇടയിൽ ഈ മെഡിക്കൽ സ്കീമുകളെപ്പറ്റി വ്യക്തമായ ഒരു ധാരണ ഇല്ലായെന്ന് പറയാം. മാത്രമല്ല കുറെ ആശയക്കുഴപ്പവും ഉണ്ടായിട്ടുണ്ട്. എന്നാൽ ഇവയെപ്പറ്റി കുറച്ചു് അറിവ് ഉണ്ടായാൽ മുൻകരുതൽ എടുക്കാൻ സാധിക്കും. ബുദ്ധിമുട്ടുകൾ ഒഴിവാകുകയും ചെയ്യും. നമ്മുടെ സംഘടന ആവശ്യപ്പെട്ടതനുസരിച്ചു് എല്ലാ അഡ്മിനിസ്ട്രേറ്റിവ് ഓഫീസുകളിലും (AO) ഉടനെ തന്നെ മെഡിക്കൽ ഇൻഷുറൻസ് സ്കീമിനെ സംബന്ധിച്ചു ഒരു വർക്ക് ഷോപ്പ് നടത്താൻ ലോക്കൽ ഹെഡ് ഓഫീസിൽ (LHO) നിന്നും നിർദേശം വന്നതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ഡെപ്യൂട്ടി ജനറൽ മാനേജരുടെ (DGM) പ്രത്യേക താല്പര്യപ്രകാരമാണ് ഒരു വർക്ക് ഷോപ്പ് കോട്ടയത്ത് നടത്താൻ തീരുമാനിച്ചത്. 10/1/2020 വെള്ളിയാഴ്ച ദിവസം വലിയ ഒരു സദസ്സിൽ ഈ പരിപാടി ഗംഭീരമായി നടത്തി.



പെൻഷൻകാരുടെ തിങ്ങി നിറഞ്ഞ സദസ്സിലായിരുന്നു അവതരണം.



കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് ചീഫ് മാനേജർ (എച്ച്.ആർ) ശ്രീ കോശി മാത്യു മെഡിക്കൽ ബെനിഫിറ്റ് സ്കീം വർക്ക് ഷോപ്പ് ഉത്ഘാടനം ചെയ്യുന്നു

.




കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസിൽ വച്ച് നടത്തിയ മെഡിക്കൽ ബെനിഫിറ്റ് സ്കീം വർക്ക് ഷോപ്പിൽ ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവൻ സംസാരിക്കുന്നു. ജില്ലാ സെക്രട്ടറി.ശ്രീ.പി.എം.ജേക്കബ്ബ്, ഡെ.മാനേജർ (എച്ച്.ആർ) ഡി.ജി.എസ്. മാത്യു അടക്കമുണ്ടക്കൽ ചീഫ് മാനേജർ (എച്ച്.ആർ) ശ്രീ കോശി മാത്യു എന്നിവരേയും കാണാം.

ആനന്ദ് രതിയാണ് (ANAND Rethi ) ഈ ഇൻഷുറൻസ് പദ്ധതിയുടെ ബ്രോക്കർ. അതിന്റെ സംസ്ഥാന തലവൻ ശ്രീ അഭിലാഷ് വർമ്മ ക്ലാസ്സ് നയിക്കുമെന്നാണ് അറിയിച്ചിരുന്നതെങ്കിലും അവസാന നിമിഷം ഉ ായ അസൗകര്യം നിമിത്തം ശ്രീ.മാത്യു അടക്കമുണ്ടക്കൽ ഒരു പവർ പോയിന്റ് അവതരണത്തിലൂടെ ക്ലാസ്സെടുത്തു.



കോട്ടയം ഡെ. ജനറൽ സെക്രട്ടറി ശ്രീ.മാത്യു അടക്കമു ക്കൽ ക്ലാസ്സെടുക്കുന്നു

ബാങ്കിന്റെ മുതിർന്ന ഉദ്യോഗസ്ഥർ സംബന്ധിച്ചു. അഡ്മിനിസ്ട്രേറ്റിവ് ഓഫീസിലെ ചീഫ് മാനേജർ (എച്ച്.ആർ.) ശ്രീ കോശി മാത്യുവും അദ്ദേഹത്തിന്റെ ടീമുമാണ് ഈ പ്രോഗ്രം കോർഡിനേറ്റ് ചെയ്തത്.

SBI Health Asst (erstwhile പോളിസി B) പുതിയ അപേക്ഷ സമർപ്പിച്ചവർക്കും പോളിസി പുതിക്കിയവർക്കും അവരുടെ അക്കൗണ്ടിൽ 7823/- രൂപയുടെ ഒരു ഡെബിറ്റ് ഉം അതിനുശേഷം അതേ തുകയ്ക്ക് ഒരു ക്രെഡിറ്റ് ഉം വരും, മൊബൈലിൽ മെസ്സേജ് വരുകയും ചെയ്യും. സബ് സിഡിയാണെന്ന് തെറ്റിദ്ധരിക്കരുത്. മുന്ന് ലക്ഷം പോളിസിയുടെ കുടെ 6 ലക്ഷം സൂപ്പർ ടോപ് ആപ്പിന്റെ പ്രീമിയം ബാങ്ക് കൊടുക്കുന്നത് നമ്മുടെ അക്കൗണ്ടിൽ വരവ് വെച്ചിട്ട് തിരിച്ചെടുക്കുന്ന അഡ്ജസ്റ്റ്മെന്റ് എൻട്രികൾ ആണെങ്കിലും ഇൻകം ടാക്സ് കിഴിവിന് ഉപകരിക്കും.




ലോക്കൽ ഹെഡ് ഒഫീസിൽ വച്ച് നടത്തിയ മെഡിക്കൽ ബെനിഫിറ്റ് സ്കീം സെമിനാർ.

**പോളിസി–ബിയിൽ ചേരാനുള്ള അവസാന തിയതി 15.02.2020 വരെ ദീഘിപ്പിച്ചു.**

# എറണാകുളം വഞ്ചി സ്ക്വയറിലെ ധർണ്ണ

ബാങ്ക് പെൻഷൻകാരോടുള്ള കേന്ദ്ര സർക്കാർ, ഐ. ബി. എ. എന്നിവരുടെ അവഗണനയ്ക്കെതിരെ എറണാകുളത്ത് നടന്ന പ്രകടനത്തിലും ധർണയിലും പങ്കെടുക്കുവാനും അഭിവാദ്യങ്ങൾ അർപ്പിക്കുവാനും കോട്ടയം ഡിസ്ട്രിക്ട് സെന്ററിനെ പ്രതിനിധികരിച്ചുകൊണ്ട് പ്രസിഡന്റ് ശ്രീ എം.ജി. രാഘവന്റെ നേതൃത്വത്തിൽ, 25 പേരടങ്ങുന്ന ഒരു സംഘം പോയിരുന്നു.



എറണാകുളത്ത് നടന്ന പ്രകടനത്തിലും ധർണയിലും പങ്കെടുക്കുവാനും അഭിവാദ്യങ്ങൾ അർപ്പിക്കുവാനും കോട്ടയം ഡിസ്ട്രിക്ട് സെന്ററിനെ പ്രതിനിധികരിച്ചുകൊണ്ട് 25 പേരടങ്ങുന്ന ഒരു സംഘം ബസ്സിൽ യാത്ര പുറപ്പെട്ടപ്പോളെടുത്ത ചിത്രം.



കോട്ടയം ജില്ലാ ഘടകം എറണാകുളം വഞ്ചി സ്ക്വയറിലെ ധർണ്ണയിൽ പങ്കെടുത്തു. കോട്ടയം ഡെ. ജനറൽ സെക്രട്ടറി ശ്രീ.മാത്യു അടക്കമുണ്ടക്കനേയും സംഘത്തേയും മുൻ നിരയിൽ കാണാം.

വനിത പ്രവർത്തകരും ഉണ്ടായിരുന്നു. നമ്മുടെ ജനറൽ സെക്രട്ടറി, ശ്രീ ജയകുമാർ, യോഗത്തെ അഭിസംബോധനചെയ്തു. മറ്റ് സംഘടന നേതാക്കമാരും സംസാരിച്ചു. ഏകദേശം അഞ്ഞുറിൽ പരം ബാങ്ക് പെൻഷൻക്കാർ പങ്കെടുത്തിരുന്നു. എറണാകുളം DGS, ജോസഫ് പാലക്കൻ സ്വാഗതം ആശംസിച്ചു.
മുൻ ലോകസഭാംഗവും പ്രമുഖ ട്രേഡ് യുണിയൻ നേതാവുമായ ശ്രീ.ചന്ദ്രൻ പിള്ള എക്സ്. എം.പി. സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. വ്യക്തമായ കാരണങ്ങളില്ലതെയാണ് പെൻഷക്കാരുടെ ആവശ്യങ്ങൾ നീട്ടിക്കൊ ുപോകുന്നതെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ സമ്പത്ത് പങ്കവെക്കുന്നതിൽ ശ്രദ്ധിച്ചേ പറ്റൂ എന്ന ഇന്നത്തെ പരിതസ്ഥിയാണ് ഈ പ്രക്ഷോഭണത്തിന് തികച്ചും പറ്റിയ സമയമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.




ധർണ്ണയെ അഭിസംബോധന ചെയ്ത് സംസാരിക്കുന്ന മുൻ ലോകസഭാ അംഗം ശ്രീ.ചന്ദ്രൻ പിള്ള.

എറണാകുളം DGS, ജോസഫ് പാലക്കനും, എറണാകുളത്തെ SBI PAK ന്റെ നേതാക്കൻമാരും പ്രവർത്തകരും, മുൻപന്തിയിൽ നിന്നുകൊണ്ട് എല്ലാത്തിനും ചുക്കാൻ പിടിക്കുന്നുണ്ടായിരുന്നു.




കോട്ടയം ജില്ലാ ഘടകം എറണാകുളം വഞ്ചി സ്ക്വയറിലെ ധർണ്ണയിൽ പങ്കെടുത്തു. കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ എം.ജി. രാഘവനും സംഘവും മുൻ നിരയിൽ.

രാത്രി 9 മണിയോടുകൂടി തിരിച്ചെത്തി. തിരക്കുകൾക്കിടയിലും ഈ പരിപാടിയിൽ പങ്കുടുക്കാൻ സമയം കണ്ടെത്തുകയും, സന്മനസ്സും കാണിച്ച കോട്ടയം ഡിസ്ട്രിക്ട് സെന്ററിലെ പ്രവർത്തകർക്ക് ഒരായിരം നന്ദി.



വഞ്ചി സ്ക്വയറിൽ തിങ്ങികൂടിയ പെൻഷൻകാരുടെ ഒരു ദൃശ്യം




കോട്ടയം ജില്ലാ ഘടകം എറണാകുളം വഞ്ചി സ്ക്വയറിലെ ധർണ്ണയിൽ പങ്കെടുത്തു. കോട്ടയം ജില്ലാ സംഘം മുൻ നിരയിൽ.

## സി.ബി.പി.ആർ.ഒ. മീറ്റിംഗ് മൈസൂരിൽ




മൈസൂരിൽ വച്ച് നടന്ന സി.ബി.പി.ആർ.ഒ. മീറ്റിംഗിൽ പങ്കെടുത്ത കേരളത്തിൽ നിന്നുള്ള പ്രതിനിധികൾ.

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ 2020 ജനുവരി മാസത്തിലെ ഭരണ സമിതി യോഗം ജനുവരി 10 – ാം തീയതി വെള്ളിയാഴ്ച്ച പ്രസിഡന്റ് ശ്രീ എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു. വൈസ് പ്രസിഡന്റ് ശ്രീ.സി.പി.മാത്യു സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷൻ തന്റെ ഉപക്രമ പ്രസംഗത്തിൽ സംഘത്തിന്റെ വളർച്ചക്കാവശ്യമായ പുതിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശിച്ചു. അതിനായി പുതിയ ജി. ഡി. സി. എസ്., വായ്പ്പകൾ എന്നിവ തുടങ്ങുന്നത് കൂടാതെ സുരക്ഷിതമായ ഇൻവെസ്റ്റ്മെന്റുകൾ, ഫ്രഞ്ചൈസികൾ (നീതി മെഡിക്കൽ സ്റ്റോർ മുതലായവ), എന്നിവകൾ കൂടി യോഗം ആലോചിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

**കഴിഞ്ഞ മാസത്തിലെ ഭരണ സമിതിയോഗത്തിന്റെ മിനിട്സ് യോഗത്തിൽ ഹോണററി സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ അവതരിപ്പിച്ചു.**

**അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ വിദേശപര്യടനത്തിലായതിനാൽ ഓഫീസ് ചുമതലയിലുള്ള ഭരണസമിതിയംഗം ശ്രീമതി.ത്രേസ്യാമ്മ ആന്റണി മാസാന്ത്യ**



കണക്കുകൾ അവതരിപ്പിച്ചു. ചർച്ചകൾക്കും വിശദീകരണങ്ങൾക്കുമൊടുവിൽ റിപ്പോർട്ടും കണക്കും യോഗം അംഗീകരിച്ചു.

## സൊസൈറ്റി ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2020 ജനുവരി മാസത്തിലെ നറുക്കെടുപ്പ് 10-ാം തീയതി വെള്ളിയാഴ്ച്ച നടന്നു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. **25000 രൂപായുടെ കുറി** – വട്ടമെത്തി
2. **25,000 രൂപായുടെ കുറി** – (49) ശ്രീ. ഉണ്ണികൃഷ്ണൻ. ബി.
3. **50,000 രൂപായുടെ കുറി** – (61) ശ്രീ. സിറിൽ ജോസ്. റ്റി.
4. **100,000 രൂപായുടെ കുറി** –(77) ശ്രീ. എം.ജി. രാഘവൻ .
5. **100,000 രൂപായുടെ കുറി** –(121) സ്കറിയ,റ്റി.എം
6. **100,000 രൂപായുടെ കുറി III** –(137) ശ്രീ. വി.എം. തോമസ്
7. . 100,000 രൂപായുടെ കുറി IV B Zy \റുക്കി: സൊസൈറ്റിക്കി

നറുക്ക് ലഭിച്ചവർക്ക് 2020 ഫെബ്രവരി മാസം 14-ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 14-ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു.

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

താഴെ കൊടുത്തിട്ടുള്ള 2 "എ" ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ ര ിനും "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിന് തീരുമാനമായി. പുതിയ അംഗങ്ങൾ :-

1. ശ്രീ. എം.സി.ചെറിയാൻ, മൂലയിൽ, കിളിരൂർ
2. ശ്രീ. പുന്നൂസ് കുരുവിള, തച്ചാറ, മുട്ടമ്പലം, കോട്ടയം

### സി ക്ലാസ്സ്

കൂടാതെ ഇനിപ്പറയുന്ന മൂന്ന് പേർക്ക് സി ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

1. സഞ്ജു ജോർജ്ജ് മാത്യു, ഈലഞ്ഞിത്തറ മൂലവട്ടം
2. ശ്രീമതി.മോളി സിറിയക്, വാതക്കോടത്ത് വില്ലൂന്നി.പി.ഒ.
3. ശ്രീ. സണ്ണി മാത്യു മുതലക്കുഴി കുന്നേപുരയിടം, പ്ലാശനാൽ.പി.ഒ.

## നവാഗതർക്ക് സ്വാഗതം!

## എട്ടാമത്തെ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

എട്ടാമത്തെ 1,00,000 രൂപായുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു.

കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. വൈസ് പ്രസിഡന്റ് ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ്നമ്പറിൽ 9446322416 ബന്ധപ്പെടുക.

## വൈക്കം ഏരിയാ കമ്മറ്റി യോഗം

വൈക്കം ഏരിയാ കമ്മറ്റിയുടെ 2020 ജനുവരി മാസത്തിലെ യോഗം എസ്.ബി.ഐ. വൈക്കം ശാഖയിലെ ഹാളിൽ വച്ച് 19.01.2020 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30ന് കമ്മിറ്റി കൺവീനർ ശ്രീ. പി. പി. ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. ജോയിന്റ് കൺവീനർ ശ്രി.ഡി.കെ. രാജഗോപാൽ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്ബ്, അസ്സോസിയേഷന്റെ കാര്യങ്ങൾ പങ്കുവെച്ചു സംസാരിച്ചു ഡി.ജി.എസ്. മാത്യു അടക്കമു ക്കൽ മെഡിക്കൽ ബെനിഫിറ്റ് സ്കീം ക്ലാസ്സെടുത്തു.



എസ്.ബി.ഐ.വൈക്കം ശാഖയിലെ ഹാളിൽ വച്ച് അദ്ധ്യക്ഷ പ്രസംഗത്തിനിടയിൽ നർമ്മം പങ്കുവയ്ക്കുന്ന കമ്മിറ്റി കൺവീനർ ശ്രീ. പി.പി.ഫിലിപ്പ്. ജോയിന്റ് കൺവീനർ ശ്രി.ഡി.കെ. രാജഗോപാൽ, ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്ബ്, ഡി.ജി.എസ്. മാത്യു അടക്കമു ക്കൽ എന്നിവരേയും കാണാം.



വൈക്കം ഏരിയാ കമ്മറ്റി മീറ്റിംഗിലെ സദസ്സിന്റെ ഒരു വീക്ഷണം.



ജോയിന്റ് കൺവീനർ ശ്രീ. ഡി.കെ. രാജഗോപാൽ സമ്മേളനത്തിൽ

## ചങ്ങനാശ്ശേരി ഏരിയാ കമ്മറ്റി യോഗം

ചങ്ങനാശ്ശേരി ഏരിയാ കമ്മിറ്റി 2020 ജനുവരി **മാസത്തിലെ യോഗം** പാറേൽ പള്ളിയുടെ എതിർവശത്തുള്ള സി.വൈ.എം.എ. ഹാളിൽ വച്ച് **25.01.2020**(ശനിയാഴ്ച്ച) യൂണിറ്റ് കൺവീനർ ശ്രീ. ജോൺ വി. ചെറിയാൻ അവർകളുടെ അദ്ധ്യക്ഷതയിൽ നടി . കോട്ടയം ഡെപ്| ട്ടി ജനറൽ സെക്രട്ടറി ശ്രീ. അടയ്ക്കാമുണ്ടക്കൽ, ജില്ല പ്രസിഡന്റ് എം.ജി.രാഘവൻ, സെക്രട്ടറി പി.എം ജേക്കബ് എന്നിവർ മുഖ്യ അഥിതികളായിê ന്നു.

പുതിയ അംഗങ്ങളെ അദ്ധ്യക്ഷൻ സദസ്സിന് പരിചയപ്പെടുത്തുകയും സ്വാഗതം ചെയ്യുകയും ചെയ്തു. **മെഡിക്കൽ ബെനിഫിറ്റ് സ്കീമിന്റെ** വിവിധ സംശയങ്ങൾക്ക് ശ്രീ. മാത്യു അടയ്ക്കാമുണ്ടക്കൽ, മറുപടി നല്കി. കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘ ത്തിൽ പുതിയതായി നാലു പേർ അംഗത്വം എടുത്തു.



ചങ്ങനാശ്ശേരി ഏരിയാ കമ്മറ്റി യോഗത്തിൽ അദ്ധ്യക്ഷൻ യൂണിറ്റ് കൺവീനർ ശ്രീ. ജോൺ വി. ചെറിയാൻ സംസാരിക്കുന്നു. ജില്ലാ ട്രഷറർ ശ്രീ.തോമസ് ഫിലിപ്പിനേയും കാണാം.



ചങ്ങനാശ്ശേരി ഏരിയാ കമ്മിറ്റി മീറ്റിംഗിൽ സെക്രട്ടറി പി.എം ജേക്കബ് മുഖ്യ അഥിതിയായിരുന്നു. യോഗത്തിൽ തിങ്ങി നിറഞ്ഞ സദസ്സിന്റെ ഒരു ദൃശ്യം.

**അസ്സോസിയേഷൻ പ്രവർത്തനങ്ങൾ, എ.ഒ. തലത്തിലും ലോക്കൽ ഹെഡ് ഒഫീസ് തലത്തിലുമുള്ള ബാങ്കുമായി നടന്ന ചർച്ചകൾ, തീരുമാനങ്ങൾ, “ഒയാസിസ്” എന്ന നമ്മുടെ e-പ്രസിദ്ധീകരണത്തിന് സംസ്ഥാന തലത്തിൽ ലഭിച്ചു കൊ ിരിക്കുന്ന അംഗീകാരം എന്നിവ അദ്ദേഹം പരാമർശിച്ചു സംസാരിച്ചു. ജില്ല പ്രസിഡന്റ് ശ്രീ.എം.ജി.രാഘവൻ നമ്മുടെ സ്സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങളെ പ്പറ്റി സംസാരിച്ചു. എല്ലാവരം സംഘത്തിൽ അംഗത്വമെടുക്കണമെന്നും അതിന്റെ വളർച്ചയിൽ പങ്കാളികളകണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു**



**സെക്രട്ടറി പി.എം ജേക്കബ് സംസാരിക്കുന്നു.** വേദിയിൽ **യൂണിറ്റ് കൺവീനർ ശ്രീ. ജോൺ വി. ചെറിയാൻ, ജില്ല പ്രസിഡന്റ് എം.ജി.രാഘവൻ, കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമു ക്കൽ,**




## ആർ.ബി.ഐ. .നിരക്കു വർദ്ധന തല്ക്കാലമില്ല

പണപ്പെ ്പം വർദ്ധിക്കുന്ന സാഹചര്യം മുൻ നിർത്തി ഈ വർഷാവസാനം വരെ ആർ.ബി.ഐ. നിരക്കുകൾ കുറയ്ക്കാനിടയില്ലെന്ന് സൂചന. സർക്കാരിന്റെ സാമ്പത്തിക നയങ്ങളും ആർ.ബി.ഐ.യുടെ മോനിട്ടറി പോളിസികളും നല്ല ധാരണയിലും ഒത്തൊരുമയിലുമാണ് മുന്നോട്ട് പോകുന്നതെന്ന് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു. സർക്കാർ ഉദ്ദേശിച്ച ധനകാര്യ കമ്മി നേടിയില്ലെന്നത് കേന്ദ്ര ബാങ്കിനെ വിഷമിപ്പിക്കുന്നില്ല. എങ്കിലും കേന്ദ്ര സർക്കരിന്റെ വികസന നയങ്ങൾ എങ്ങനെ സാമ്പത്തിക രംഗത്തെ ബാധിക്കുന്നുവെന്നതിൽ കൂടുതൽ വ്യക്തത തേടുമെന്നും അദ്ദേഹം സൂചിപ്പിച്ചു.

## റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ്

മുൻ ആർ.ബി.ഐ. ഗവർണർ ഉർജ്ജിത്ത് പട്ടേലിന്റെ രാജിയെത്തുടർന്ന് ആകെ കലുഷമായ ഒരു സാഹചര്യത്തിലാണ് 2018 ഡിസംബർ 11ന് ശ്രീ. ശക്തികാന്ത ദാസ് റിസർവ് ബാങ്ക് ഗവർണർ ആയി ചാർജെടുക്കുന്നത്. ഈ നിയമനത്തെ നോബെൽ പുരസ്കാര ജേതാവ് അഭിജിത്ത് ബാനർജി അടക്കം നിരവധി പേർ കടുത്ത ഭാഷയിൽ വിമർശിച്ചു. കടുത്ത വിയോജിപ്പാണ് രേഖപ്പെടുത്തിയത്. രാജ്യസഭാംഗം സുബ്രഹ്മണ്യം സ്വാമി ഒരു പടി കൂടി മുന്നോട്ട് കടന്ന് ''അഴിമതി വീരൻ'' എന്നാണദ്ദേഹത്തെ വിശേഷിപ്പിച്ചത്. അപ്പോഴെല്ലാം ശാന്തനായി നിലകൊ ദാസ് തന്റെ പ്രവർത്തിയിലൂടെ മറുപടി കൊടുക്കുകയായിരുവെന്ന് ഇപ്പോൾ വ്യക്തമാകുന്നു ്. ദാസിന്റെ നിയമനത്തെ ഹർഷാരവങ്ങളോടെ എതിരേറ്റ ഓഹരി വിപണിയിൽ സെൻസെക്സ് 629 പോയിന്റിന്റെയും നിഫ്റ്റി 188 പോയിന്റിന്റെയും വളർച്ച കാണിച്ചു.



റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ്

കരുതൽ ധനം സർക്കരിന്റെ വികസന കാര്യങ്ങൾക്ക് നല്കുന്നതിലും ആർ.ബി.ഐ. നിരക്കുകൾ കുറച്ച് സർക്കാരിന്റെ സാമ്പത്തിക നയങ്ങൾക്ക് പിന്തുണ നല്കുന്നതിലും അദ്ദേഹം മനസ്സു വച്ചു. മുൻ ഗവർണമാരായ വൈ.വേണുഗോപാൽ റെഡ്ഡി, ഡി.സുബ്ബറാവു, സി. രംഗരാജൻ, മുൻ ഡെ. ഗവർണർ എസ്.എസ്.മുന്ദ്ര, തുടങ്ങിയവരുടെല്ലാം പ്രശംസക്ക് പാത്രമായിരിക്കയാണ്. കേന്ദ്രവും കേന്ദ്ര ബാങ്കും ര ് വഴിക്ക് എന്ന് തോന്നിച്ചിരുന്ന അവസ്ഥ മാറി. വലിയ വിട്ടുവീഴ്ച്ചകൾക്കൊന്നും മുതിരാതെ അദ്ദേഹം സന്തുലിത കൈവരിക്കുന്നതിൽ വിജയിച്ചു. അദ്ദേഹത്തിന്റെ ഐ.എ.എസ്. പശ്ച്ചാത്തലം വലിയ ഗുണം ചെയ്തുവെന്ന് വിലയിരു ത്തുന്നവരുമു ്.

## വിരമിച്ച ജീവനക്കാർക്കും ട്രേഡ് യൂണിയൻ സംഘടന രജിസ്റ്റർ ചെയ്യാം

**വിരമിച്ച ജീവനക്കാർക്കും ട്രേഡ് യൂണിയൻ സംഘടന രജിസ്റ്റർ ചെയ്യാം. മദ്രാസ് ഹൈക്കോടതി ഒരു സുപ്രാധാന വിധിയിലൂടെ പെൻഷൻ പറ്റി പിരിഞ്ഞവർക്കും ട്രേഡ് യൂണിയൻ ആക്റ്റ് പ്രകാരം സംഘടന രജിസ്റ്റർ ചെയ്യാൻ അവകാശമു ന്ന് വിധിച്ചു. കരൂർ വൈശ്യ ബാങ്ക് റിറ്റയറീസ് അസ്സോസിയേഷന് സംഘടന രജിസ്റ്റർ ചെയ്യാൻ തൊഴിൽ വകപ്പ് അനുവദിക്കാതിരുന്നത് ചോദ്യം ചെയ്തുള്ള ഹർജിയിൽ വിധി പ്രസ്താവിച്ചു കൊ ് ജസ്റ്റീസ് എസ്.വൈദ്യനാഥൻ ഇക്കാര്യം വ്യക്തമാക്കി.**

# വയനാട് ജില്ലാക്കമ്മറ്റി രൂപീകരിച്ചു.

2020 ജനവരി 7-ാം തിയതി എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ വയനാട് ജില്ലാക്കമ്മറ്റി നിലവിൽ വന്നു. നമ്മുടെ സംസ്ഥാന സെക്രട്ടറി. ശ്രീ.എ.ജയകുമാർ ഉത്ഘാടനം ചെയ്തു. പ്രസിഡന്റ് കെ.രാജീവൻ അദ്ധ്യക്ഷത വഹിച്ചു. അസി. ജനറൽ സെക്രട്ടറി റ്റി.സേതുമാധവൻ, കോഴിക്കോട് ജില്ലാ സെക്രട്ടറി എം.രാജഗോപാലൻ എന്നിവർ അശംസകളർപ്പിച്ച് സംസാരിച്ചു. വയനാട് ജില്ലാ സെക്രട്ടറി ശ്രീ.എൻ.സത്യൻ നന്ദി രേഖപ്പെടുത്തി.




2020 ജനവരി 7-ാം തിയതി കല്പ്പറ്റയിലുള്ള എൻ.ജി.ഒ.യൂണിയൻ ഹാളിൽ വച്ച് നടന്ന വയനാട് ജില്ലാക്കമ്മറ്റി ഉത്ഘാടന സമ്മേളനത്തിന്റെ വേദി.



മലനിരകൾ താ ി വിദൂര സ്ഥാലങ്ങളിൽ നിന്നും വന്നെത്തിയവർ സദസ്സിൽ.

# എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ എറണാകുളം ജില്ലാ കേന്ദ്രം കടുംബ സംഗമം നടത്തി.

എറണാകുളം ടൗൺ ഹാളിൽ വച്ച് എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ എറണാകുളം ജില്ലാ കേന്ദ്രം കടുംബ സംഗമം നടത്തി.



എറണാകുളം ജില്ലാ യൂണിറ്റിന്റെ നിറപ്പകിട്ടാർന്ന കടുംബ യോഗത്തിൽ നിന്ന് ചില ദൃശ്യങ്ങൾ



ത്രിശ്ശൂർ ജില്ലാ ഘടകത്തിന്റെ വാർഷിക പൊതുയോഗം സാഹിത്യ അക്കാദമി ഹാളിൽ വച്ച് നടi.സംസ്ഥാന സെക്രട്ടറി. ശ്രീ.എ.ജയകുമാർ ഉത്ഘാടനം ചെയ്തു.

ഡെ. ജനറൽ സെക്രട്ടറി ശ്രീ. റ്റി. റ്റി. ബാലകൃഷ്ണൻ അടുത്ത സംസ്ഥാന വാർഷിക പൊതുയോഗ നടത്തിപ്പിനു വേ ി ഫ ് ശേഖരണം ഉദ്ഘാടനം ചെയ്തു. എൻ.ജോർജ്ജ് മാത്യു ആദ്യ സംഭാവനയുടെ ചെക്ക് സംസ്ഥാന സെക്രട്ടറിക്ക് കൈമാറി ക്കൊ ായിരുന്നു ചടങ്ങ്.

## തിരുവനന്തപുരം ജില്ലാ ഘടകത്തിന്റെ വാർഷിക പൊതുയോഗം




2020 ജനുവരി 25-ാം തിയതി എസ്.ബി.ഐ ലോക്കൽ ഹെഡ് ഓഫീസ് ഹാളിൽ വച്ച് തിരുവനന്തപുരം ജില്ലാ ഘടകത്തിന്റെ വാർഷിക പൊതുയോഗം നടന്നു. ശ്രീ.വി.എൽ.ജോസഫ്, ജില്ലാ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിക്കുന്നു.



Shri.Chellamiah, DGM&CDO was the Chief Guest. Senior members who are of 75 years of age and above and those who are celebrating 50th year of married life were honoured. Shri.Chellamiah who is retiring this month was felicitated with a memento. State level leaders viz. Shri.A.Jayakumar, Shri.P.Surendranath Bhas, Shri.A. Rajachandran Nair and Smt.Lakshmi,SBSU(K) graced the occasion with their presence.

## എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന് എല്ലാ

## അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിലും ഓഫീസിന് ഇടം

### നമ്മുടെ ഒരു ചിരകാലാഭിലാഷത്തിന് സന്തോഷകരമായ പരിസമാപ്തി.

Dear Friends,

Another Red Letter Day for SBIPAK. As assured by Respected Chief General Manager Sri. M.L.Das in the last Structured Meeting on 30th December 2019, necessary instructions given to all ADMINISTRATIVE OFFICES TO PROVIDE A SUITABLE OFFICE SPACE for our office functioning. Today (25th January 2020) our beloved Circle CDO Sri. K. Chellamiah announced the same at the Trivandrum District SBIPAK General Body Meeting.

All our State Committee Members are requested to take necessary arrangements to occupy the suitable space.

With greetings.

A. Jayakumar

General Secretary

## മാസ്റ്റർ സിദ്ധാർഥ് കുമാർ



നമ്മുടെ അംഗം പി.എ.രാജേന്ദ്രന്റെ ചെറുമകൻ മാസ്റ്റർ സിദ്ധാർഥ് കുമാർ 2020ലെ ബാലശക്തി പുരസ്കാരത്തിന് അർഹനായി. ഈ അംഗീകാരം രാഷ്ട്രപതി രാംനാഥ് കോവിന്ദിൽ നിന്ന് സിദ്ധാർഥ് കുമാർ ഏറ്റുവാങ്ങി.

സിദ്ധാർഥിന് ആശംസകളുടെ ഒരുപിടി നറുമലരുകൾ!!

# ഈ തെറ്റും ശരിയും എനിക്കും മറ്റു പലർക്കും ഉപകാരപ്പെടും - തീർച്ച ...

## തെറ്റ് ശരി

അങ്ങിനെ അങ്ങനെ
അടിമത്വം അടിമത്തം
അതാത് അതത്
അഥപതനം അധഃപതനം
അദ്യാപകൻ അധ്യാപകൻ
അനന്തിരവൻ അനന്തരവൻ
അനുഗ്രഹീതൻ അനുഗൃഹീതൻ
അപേക്ഷാത്തീയതി അപേക്ഷത്തീയതി
അല്ലങ്കിൽ അല്ലെങ്കിൽ
അവധാനത അവധാനം
അസ്തികൂടം അസ്ഥികൂടം
അസന്നിഗ്ദം അസന്ദിഗ്ദ്ധം
അസ്ഥിവാരം അസ്തിവാരം
ആണത്വം ആണത്തം
ആദ്യാവസാനം ആദ്യവസാനം
ആധുനീകരിക്കുക
ആധുനികീകരിക്കുക
ആവർത്തി ആവൃത്തി (ആവർത്തിക്കുക -ക്രിയ ,
ആവൃത്തി -നാമം )
ആവൃത്തിക്കുക ആവർത്തിക്കുക
ആസ്വാദ്യകരം ആസ്വാദ്യം
ആഴ്ചപതിപ്പ് ആഴ്ചപ്പതിപ്പ്
ഇങ്ങിനെ ഇങ്ങനെ
ഉത്ഘാടനം ഉദ്ഘാടനം
എങ്ങിനെ എങ്ങനെ
ഏകകണ്ഠേന ഐകകണ്ഠ്യേന/ ഏകകണ്ഠമായി
ഏകകണ്ഠ്യേന ഐകകണ്ഠ്യേന/ ഏകകണ്ഠമായി
ഐക്യമത്യം ഐകമത്യം
ഐശ്ചികം ഐച്ഛികം
ഓരോന്നുവീതം ഒന്നുവീതം / ഓരോന്ന്
ഓരോ പുസ്തകങ്ങളും ഓരോ പുസ്തകവും
കണ്ടുപിടുത്തം കണ്ടുപിടിത്തം
കയ്യക്ഷരം കൈയക്ഷരം
കയ്യാമം കൈയാമം
കയ്യെഴുത്ത് കൈയെഴുത്ത്
കവയത്രി കവയിത്രി
കളയിപ്പിക്കുക കളയിക്കുക
കാട്ടാളത്വം " കാട്ടാളത്തം
കീഴ്കോടതി കീഴ്ക്കോടതി
കുടിശിഖ കുടിശ്ശിക
കുട്ടിത്വം കുട്ടിത്തം
കൈചിലവ് കൈച്ചെലവ്
ക്രിത്രിമം കൃത്രിമം
ഗൂഡാലോചന ഗൂഢാലോചന
ചിലവ് ചെലവ്
ചുമന്ന ചെമന്ന
ചുമര് ചുവര്
ചുമതലാബോധം ചുമതലബോധം
ചെങ്ങാത്തം ചങ്ങാത്തം
ചെയ്യിപ്പിക്കുക ചെയ്യിക്കുക
ജടം ജഡം
ജന്മിത്വം ജന്മിത്തം
തത്വം തത്ത്വം
തത്വമസി തത്ത്വമസി
തയാർ തയ്യാർ
തീപിടുത്തം തീപ്പിടിത്തം
തീയ്യതി തീയതി, തിയ്യതി
തെരഞ്ഞെടുപ്പ് തിരഞ്ഞെടുപ്പ്
ദിനപ്പത്രം ദിനപത്രം
ദിവസ്സേന ദിവസേന
ദൈന്യത ദൈന്യം
ദ്വിഭാര്യാത്വം ദ്വിഭാര്യത്വം
നിവർത്തി നിവൃത്തി ( നിവർത്തിക്കുക - ക്രിയ,
നിവൃത്തി-നാമം)
നിവൃത്തിക്കുക നിവർത്തിക്കുക
പണ്ടുകാലം പണ്ട്
പരിതസ്ഥിതി പരിതഃസ്ഥിതി
പിന്നോക്കം പിന്നാക്കം
പുനഃപ്പരിശോധന പുനഃപരിശോധന
പ്രവർത്തി പ്രവൃത്തി (പ്രവർത്തിക്കുക-ക്രിയ,
പ്രവൃത്തി-നാമം)
പ്രവൃത്തിക്കുക പ്രവർത്തിക്കുക
പ്രാരാബ്ദം പ്രാരബ്ധം
പ്രസ്ഥാവന പ്രസ്താവന
പ്രാസംഗികൻ. പ്രസംഗകൻ
ബഹുഭാര്യാത്വം ബഹുഭാര്യത്വം
മനഃസ്സാക്ഷി മനഃസാക്ഷി, മനസ്സാക്ഷി
മുഖാന്തിരം മുഖാന്തരം
മുതലാളിത്വം മുതലാളിത്തം
മുന്നോക്കം മുന്നാക്കം
യഥാകാലത്ത് യഥാകാലം
യാദൃശ്ചികം യാദൃച്ഛികം
രക്ഷകർത്താവ് രക്ഷാകർത്താവ്
രാഷ്ട്രീയപരമായ രാഷ്ട്രീയമായ
രാപ്പകൽ രാപകൽ
വളർച്ചാനിരക്ക് വളർച്ചനിരക്ക്
വിഡ്ഡിത്വം വിഡ്ഢിത്തം
വിഡ്ഢിത്വം വിഡ്ഢിത്തം
വിദ്യുശ്ചക്തി വിദ്യുച്ഛക്തി
ശുപാർശ ശിപാർശ
ശൃംഘല ശൃംഖല
സത്യാഗ്രഹം സത്യഗ്രഹം
സദാകാലവും സദാ, എക്കാലവും
സർവതോന്മുഖം സർവതോമുഖം
സാന്മാർഗികപരം സാന്മാർഗികം
സാമുദായികപരം സാമുദായികം
സാമൂഹികപരമായ സാമൂഹികമായ
സാമ്രാട്ട് സമ്രാട്ട്
സാമ്പത്തികപരമായ സാമ്പത്തികമായ
സൃഷ്ടാവ് സ്രഷ്ടാവ്
സ്വതവേ സ്വതേ
ഹാർദ്ദവം ഹാർദം

*ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, ഫോൺ: 04712518792

# നിര്യാതനായി

## റിട്ട. താലൂക്ക് സപ്ലൈ ഓഫീസർ
## എൻ.എസ്.മത്തായി



കോട്ടയം ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്ബിന്റെ ഭാര്യാപിതാവ് റിട്ട. താലൂക്ക് സപ്ലൈ ഓഫീസർ എൻ.എസ്.മത്തായി നിര്യാതനായി. കോട്ടയം ഡെ. ജനറൽ സെക്രട്ടറി ശ്രി.മാത്യു അടക്കമുണ്ടക്കനും കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ എം.ജി. രാഘവനും വൈക്കം ഏരിയാ കമ്മറ്റി ജോയിന്റ് കൺവീനർ ശ്രി.ഡി.കെ.രാജഗോപാലും എത്തി അനുശോചനം അറിയിച്ചു.

**കണ്ണീർ പ്രണാമം!!**

# നിര്യാതനായി



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം ജോയി ജേക്കബ്ബ് (എൽ.എം.1000) നിര്യാതനായി. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. സന്തപ്ത കടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്നതോടൊപ്പം പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.

## ആദരാഞ്ജലികൾ



എസ്.ബി.ഐ. മുത്തോലപുരം ശാഖയിലെ മുൻ ജീവനക്കാരൻ പരേതനായ കുഴുവേലിത്തടം ജേക്കബ്ബ് തോമസിന്റെ ഭാര്യ ഫില്ലമ്മ (63) അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. സംസ്കാരം വസതിയിലെ ശിശ്രൂഷക്ക് ശേഷം സെന്റ് പീറ്റേഴ്സ് ഫൊറോനാ പള്ളിയിൽ നടത്തി.






അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.

# പത്രാധിപ സമിതി

## രക്ഷാധികാരി

ശ്രീ.മാത്യു അടയ്ക്കമു ക്കൽ

മാനേജിംഗ് എഡിറ്റർ

ശ്രീ.എം.ജി.രാഘവൻ

ചീഫ് എഡിറ്റർ ശ്രീ.പി.പി.ഫിലിപ്പ്

പത്രാധിപ സമിതി അംഗങ്ങൾ

പി.എം.ജേക്കബ്

സി.പി.മാത്യു

എം.പി.പുഷ്കരൻ

സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ. കെ.പാപ്പച്ചൻ

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കേ ക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങളും എല്ലാ അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.